ഉത്തരം

(എ) എൽ.റ്റി. വിഭാഗത്തിലുള്ള വൈദ്യുതി ബിൽ കുടിശ്ശിക ചുവടെ ചേർക്കുന്നു :

ഗാർഹിക ഉപഭോക്താക്കൾ	കൊമേഴ്യൽ ഉപഭോക്താക്കൾ
5591.29 ലക്ഷം രൂപ	9625.83 ലക്ഷം രൂപ

31-3-2015-ലെ ത്രൈമാസിക കുടിശ്ശിക കണക്കുപ്രകാരം എച്ച്.റ്റി. ഇ.എച്ച്.റ്റി. മേഖലയിലെ കൊമേഴ്യൽ വിഭാഗത്തിൽ 435.63 കോടി രൂപയാണ് വൻകിട വ്യവസായികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക. ഇതിൽ 260.95 കോടി രൂപ വ്യവഹാരങ്ങളിൽപ്പെട്ടതാണ്.

(ബി) 31-3-15-ലെ കണക്കുപ്രകാരം ഏറ്റവും കൂടുതൽ കുടിശ്ശികയുള്ള പ്രൈവറ്റ് സ്ഥാപനം ബിനാനി സിങ്കാണ്. 48.21 കോടി രൂപ കുടിശ്ശികയുള്ളതിൽ 32.47 കോടി രൂപ വ്യവഹാരങ്ങളിൽപ്പെട്ടതാണ്. ബാക്കി 15.74 കോടി രൂപ പിരിച്ചെടുക്കുന്നത് 30-8-2015 വരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തടഞ്ഞിട്ടുണ്ട്.

(സി) വ്യവഹാരങ്ങളിൽ ഉൾപ്പെടാത്ത എല്ലാ ഗാർഹിക കൊമേഴ്യൽ വൻകിട വിഭാഗത്തിൽവരുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ടി സ്ഥാപനങ്ങൾ പണം അടയ്ക്കുന്ന മുറയ്ക്ക് വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുകയും ചെയ്തുവരുന്നു. ചില സ്ഥാപനങ്ങൾ തവണ വ്യവസ്ഥയിൽ പണം അടയ്ക്കുന്നുണ്ട്. മറ്റു ചില സ്ഥാപനങ്ങൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പണം അടച്ച് കുടിശ്ശിക തീർക്കാറുണ്ട്. വൈദ്യുതി കുടിശ്ശിക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുത ബന്ധത്തിന്റെ വിനിയോഗം

71 (4653) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ള കർഷകർ, ഈ സർക്കാർ കാലയളവിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഇനത്തിൽ ചേർത്തല താലൂക്കിലുള്ള വൈദ്യുതി കണക്ഷനുകൾ എത്രയെന്ന് അറിയിക്കാമോ ; വൈദ്യുതി കണക്ഷൻ ലഭിച്ചവർ കാലാകാലങ്ങളായി കൃഷി ചെയ്യുന്നവരാണോ എന്നും ഉല്പാദനം നടത്തുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനും വൈദ്യുതി വകുപ്പിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരിൽ കൃഷി അവസാനിപ്പിച്ചുവെന്ന് ബോധ്യപ്പെട്ടതുമൂലവും വൈദ്യുതി മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നു എന്ന് കണ്ടെത്തിയതുമൂലവും കണക്ഷൻ വിച്ഛേദനം പിഴ ഈടാക്കിയതുമായ എത്ര കേസുകൾ സംസ്ഥാനത്താകമാനം ഉണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 102,35,49,980-രൂപ അടച്ചിട്ടുണ്ട്.

(ബി) ചേർത്തല താലൂക്കിലെ കാർഷിക കണക്ഷനുകളുടെ എണ്ണം 6013 ആണ്. കൃഷിവകുപ്പിൽനിന്നുള്ള അനുമതി ലഭിച്ചതിനുശേഷമാണ് കാർഷിക കണക്ഷനുകൾ നൽകുന്നത്. കാർഷിക കണക്ഷനുകൾ എടുത്തവർ വൈദ്യുതി ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ ഉദ്യോഗസ്ഥരും പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും പരിശോധന നടത്താറുണ്ട്. കൃഷി ആവശ്യത്തിന് ഉപയോഗിക്കാത്തതായി ശ്രദ്ധയിൽപ്പെടുന്ന കണക്ഷനുകളുടെ വിവരങ്ങൾ ശേഖരിക്കുകയും അതാത് കൃഷി ഓഫീസുകളിൽ അറിയിക്കുകയും കണക്ഷൻ വിച്ഛേദിക്കൽ അടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) 640 കേസുകൾ.

ശബരി റെയിൽപ്പാത

72 (4654) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽ പദ്ധതികളുടെ പങ്കുചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത നിർദ്ദേശം അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ശബരി പാത പ്രഖ്യാപിച്ചത് എന്നാണ് ; എത്ര കോടിയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചത് ; ഇതിനായി റെയിൽവേ ഇതിനകം എത്ര കോടി ചെലവഴിച്ചു ; ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ശബരി പാത എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly